പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5705

09.07.2012-ലെ
മറുപടിക്ക്.

## കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതായിട്ടുള്ളത്; | | (ബി) യും (സി) യും<br>കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഷെഡ്യൂളിൽ അനുശാസിക്കും വിധം വിദ്യാർത്ഥി അദ്ധ്യാപക അനുപാതം വാർഷിക അദ്ധ്യയന ദിനങ്ങൾ, അദ്ധ്യാപന സമയം പഠനമുറികൾ, പഠനോപകരണങ്ങളുടെ ലഭ്യത, ഗ്രന്ഥശാല, ടോയിലറ്റുകൾ കുടിവെള്ളം, കളിസ്ഥലം, ഉച്ചഭക്ഷണത്തിനുള്ള പാചകപ്പുര, 6-8 വരെ ക്ലാസുകൾക്ക് വിഷയം തിരിച്ചുള്ള അദ്ധ്യാപകർ കല, പ്രവൃത്തി കായിക പരിശീലനം എന്നിവയ്ക്കുള്ള അദ്ധ്യാപകർ എന്നിവ ഉറപ്പാക്കേണ്ടതുണ്ട്. ഇതേ തുടർന്ന് സംസ്ഥാനത്ത് വിദ്യാർത്ഥി അദ്ധ്യാപക അനുപാതം എൽ.പി. |
| (സി) | സംസ്ഥാന വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന സമ്പ്രദായങ്ങളിൽ എന്തൊക്കെയാണ് മാറ്റങ്ങൾ വേണ്ടിവരുന്നത്; | | |

വിഭാഗത്തിൽ 30:1 ആയും യു.പി.യിലും ഹൈസ്ക്കൂളിലും 35:1 ആയും മാറ്റേണ്ടതുണ്ട്. ഇതിനായി 2012-13 വർഷം തന്നെ സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്കെല്ലാം യു.ഐ.ഡി. നമ്പർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 5-ാം ക്ലാസ്സ് എൽ.പി.യുടേയും 8-ാം ക്ലാസ്സ് യു.പി.യുടേയും ഭാഗമാക്കിക്കൊണ്ട് ആക്ട് അനുശാസിക്കും വിധം 1 മുതൽ 8 വരെ ക്ലാസ്സുകൾ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കികൊണ്ടുള്ള ഘടനാമാറ്റം കൊണ്ടുവരേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ നടന്നു വരുന്നു.

(ഡി) ഇത്തരം മാറ്റങ്ങൾ സംസ്ഥാന വിദ്യാഭ്യാസ സമ്പ്രദായത്തെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ?

(ഡി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ഒരു പോലെ ബാധകമാണ്.

സെക്ഷൻ ഓഫീസർ